# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3295     29/01/2014 ൽ മറുപടിക്ക്**

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ ആനുകൂല്യങ്ങൾക്ക് ആധാർ നിർബന്ധമാക്കുന്നത്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ; | | മഞ്ഞളാം കുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ തരത്തിലുള്ള സർക്കാർ സഹായങ്ങൾ കൈപ്പറ്റുന്നതിന് ആധാർ നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ ലഭിക്കുന്നതിന് 12/07/2013 ലെ സഉ (അച്ചടി) നമ്പർ 340/2013/ ധന ഉത്തരവ് പ്രകാരം ആധാർ തിരിച്ചറിയൽ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഇല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ചും തിരുവനന്തപുരം കോർപ്പറേഷൻ ആധാർ നിർബന്ധമാക്കി പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | |
| (സി) എങ്കിൽ സർക്കാർ നിർദ്ദേശമില്ലാതെ സർക്കാർ ആനുകൂല്യങ്ങൾക്ക് ആധാർ നിർബന്ധമാക്കിയ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) | |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സാമൂഹ്യക്ഷേമപെൻഷനുകൾ/തൊഴിലാളി ക്ഷേമപെൻഷനുകൾ - ആധാർ തിരിച്ചറിയൽ രേഖ നിർബന്ധമാക്കി ഇലക്ട്രോണിക് ബെനഫിറ്റ് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (ബഡ്ജറ്റ് വിംഗ്-എച്ച്) വകുപ്പ്

സ.ഉ(അച്ചടി) നം. 340/2013/ധന തീയതി, തിരുവനന്തപുരം, 12/07/2013

---

**ഉത്തരവ്**

2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആധാർ തിരിച്ചറിയൽ രേഖ എല്ലാ പെൻഷൻ ഗുണഭോക്താക്കൾക്കും നടപ്പു സാമ്പത്തിക വർഷം മുതൽ നിർബന്ധമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ എല്ലാ ക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്കും പെൻഷൻ ലഭിക്കുന്നതിന് 2013-14 സാമ്പത്തിക വർഷത്തിലെ ജൂലൈ മാസം മുതൽ ആധാർ തിരിച്ചറിയൽ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. പെൻഷൻ വിതരണം ചെയ്യുന്നതിന് ഇലക്ട്രോണിക് ബെനഫിറ്റ് ട്രാൻസ്ഫർ മുഖേന ഗുണഭോക്താക്കളുടെ ബാങ്ക്/പോസ്റ്റ്ഓഫീസ് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് അയയ്ക്കുന്ന സംവിധാനം ഏർപ്പെടുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ഡോ. വി. പി. ജോയ്
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

സാമൂഹ്യനീതി വകുപ്പ്

തൊഴിലും പുനരധിവാസവും വകുപ്പ്

സാംസ്കാരിക വകുപ്പ്

കായിക യുവജനകാര്യ വകുപ്പ്.

നികുതി വകുപ്പ്

കൃഷി വകുപ്പ്

ഫിഷറീസ് & പോർട്ട്സ് വകുപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ്(10.07.2013 ലെ മന്ത്രിസഭാ നടപടി ക്രമത്തിൻെറ 3909-ാം ഇനം പ്രകാരം)

സെക്രട്ടറി, നിയമസഭാ, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ,ഫിഷറീസ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ലേബർ കമ്മീഷണർ, തിരുവനന്തപുരം

സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ , തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർ മാർക്കും

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും

നോഡൽ ഓഫീസർ www.finance.kerala.gov.in

വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനും വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ